(ബി) ഗ്രാന്റ് മുഴുവനായി കൊടുക്കുന്നതിന് ആവശ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ		2015-16 വർഷത്തേക്കുള്ള തുക	കുടിശ്ശിക (2014-15)	ആകെ
1	ഓർഫനേജ് ഗ്രാന്റ്	31,25,99,400	11,90,71,800	43,16,71,200
2	ഓൾഡ് ഏജ് ഹോം	8,40,48,000	5,95,97,383	14,36,45,383
3	പി.എച്ച് ഹോം	72,42,000	56,64,000	1,29,06,000
4	ബെഗ്ഗർ ഹോം	39,27,000	22,26,000	61,53,000
5	Establishing Care homes/ institutions to protect & treat Mentaly ill people	3,47,00,400	1,80,90,800	5,27,91,200
	ആകെ	44,25,16,800	20,46,49,983	64,71,66,783

(സി) ഇല്ല. 2015-16 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക കൂടാതെ ഗ്രാന്റ് വിതരണത്തിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥനയിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഗ്രാന്റ് അനുവദിക്കുന്നമുറയ്ക്ക് തുക നൽകാൻ കഴിയും.

ഭിന്നശേഷിയുള്ളവരുടെ കണക്കെടുപ്പ്

279 (4325) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് സാമൂഹ്യക്ഷേമവകുപ്പിൽനിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള എത്ര ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തെക്കുറിച്ച് പഠിക്കാൻ സർവ്വെ നടത്തുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ സർവ്വെയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) 2009 സെപ്റ്റംബർ മാസം വരെ സാമൂഹ്യനീതി വകുപ്പ് മുഖേന 150000-ത്തോളം അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകിയിട്ടുണ്ട്. 2009 സെപ്റ്റംബർ മാസം മുതൽ കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന 2,83,456 അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

1	തിരുവനന്തപുരം	21825
2	കൊല്ലം	19463
3	പത്തനംതിട്ട	12420
4	ആലപ്പുഴ	20640
5	കോട്ടയം	19618
6	ഇടുക്കി	10649
7	എറണാകുളം	24122
8	തൃശ്ശൂർ	22807
9	പാലക്കാട്	22678
10	മലപ്പുറം	38832
11	കോഴിക്കോട്	24507
12	വയനാട്	8068

LIBRARY ARCHIVES Kerala Legislative Assembly

13	കണ്ണൂർ	19430
14	കാസർഗോഡ്	18397
	ആകെ	283456

(ബി) സർവ്വേ നടത്തുന്നുണ്ട്.

(സി) സെൻസസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ :

1. കേരളത്തിലെ എല്ലാ അംഗപരിമിതരുടെയും എണ്ണം ശേഖരിക്കുക.
2. അംഗപരിമിതരുടെ സ്ത്രീ-പുരുഷ അനുപാതം മനസിലാക്കുക.
3. അംഗപരിമിതരുടെ വൈകല്യത്തിന്റെ ഇനം തിരിച്ചുള്ള വിവര ശേഖരണം.
4. ജന്മനായുള്ളതും ആർജ്ജിതവുമായ അംഗപരിമിതരുടെ വിവര ശേഖരണം.
5. അംഗപരിമിതരുടെ നിലവിലെ സാമൂഹിക സാമ്പത്തിക വിവര ശേഖരണം.
6. അംഗപരിമിതി ഉണ്ടായതിന്റെ കാരണങ്ങൾ.
7. അംഗപരിമിത തിരിച്ചറിയൽ കാർഡ് ലഭിച്ചവരുടെയും ലഭിക്കാനുള്ളവരുടെയും എണ്ണം ശേഖരിക്കുക.

ഈ സെൻസസിലൂടെ ശേഖരിക്കുന്ന സ്ഥിതിവിവരകണക്കുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് പദ്ധതി ആവിഷ്കരിക്കുന്നതിനും നിർവ്വഹണത്തിനുമായി ലഭ്യമാക്കുന്നതാണ്.

വിഭിന്നശേഷിക്കാർക്ക് വിവേചനമില്ലാതെ സർവ്വീസ് പെൻഷൻ

280 (4326) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിഭിന്നശേഷിക്കാരുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ വകുപ്പുകളിലും സർക്കാരിനുകീഴിലെ കോർപ്പറേഷനുകളിലും നിയമനം ലഭിച്ചവരുടെ സൂപ്പർ ആനുവേഷൻ പെൻഷൻ ആനുകൂല്യത്തിൽ വലിയ അന്തരവും വിവേചനവും നിലനിൽക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly